**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വർക്കർ ശ്രീ.സി.ചന്ദ്രശേഖരൻ പിള്ള - ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.825/2019/തസ്വഭവ                    തിരുവനന്തപുരം, തീയതി : 08/04/2019

പരാമർശം : 1) ശ്രീ.സി.ചന്ദ്രശേഖരൻപിള്ളയുടെ 17/03/2011 തീയതിയിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.

2) 22/04/2013 തീയതിയിലെ സ.ഉ.(പി) നം.144/2013/എഫ്&എച്ച്ഡബ്ല്യൂഡി.

3) കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 30/01/2016 തീയതിയിലെ എൽ.ഡിസ് സി3-1351/16 നമ്പർ കത്ത്.

4) നഗരകാര്യ ഡയറക്ടറുടെ 04/07/2016, 03/05/2018 തീയതികളിലെ ഡിസി1-17410/2011 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ തുകയായ 66, 631/- രൂപ (അറുപത്തി ആറായിരത്തി അറുന്നൂറ്റി മുപ്പത്തി ഒന്ന് രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വർക്കർ ശ്രീ.സി.ചന്ദ്രശേഖരൻ പിള്ളയുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീ.സി.ചന്ദ്രശേഖരൻ പിള്ളയുടെ ഹൃദയ സംബന്ധമായ അസുഖത്തിന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സ നടത്തിയ കാലയളവിൽ, പ്രസ്തുത സ്ഥാപനം മെഡിക്കൽ റീ- ഇംബേഴ്സ്മെന്റിന് സർക്കാർ അനുവദിച്ച സ്ഥാപനമായിരുന്നില്ലായെന്നും എന്നാൽ പരാമർശം (2) പ്രകാരം പ്രസ്തുത സ്ഥാപനം സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുമുള്ള സ്ഥാപനമായി സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്നും, ടിയാന്റെ ജീവൻ രക്ഷിക്കുന്നതിന് അടിയന്തര ചികിത്സ ആവശ്യമായിരുന്നതിനാലും, സർവ്വീസിൽ വളരെ താഴ്ന്ന വരുമാനപരിധിയിൽപ്പെടുന്ന ജീവനക്കാരനായതിനാലും, 30/11/2013 തീയതിയിൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാലും, ടിയാന്റെ സാമ്പത്തികാവസ്ഥ കണക്കിലെടുത്തും മാനുഷിക പരിഗണന നൽകിയും ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ടിയാന്റെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നതിന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശയും ചെയ്തിരുന്നു.

2) ശ്രീ.സി.ചന്ദ്രശേഖരൻ പിള്ള ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവഴിച്ച തുകയിൽ 34,403/- രൂപ (മുപ്പത്തി നാലായിരത്തി നാന്നൂറ്റി മൂന്നു രൂപാ മാത്രം) അനുവദനീയമാണെന്ന് പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വർക്കർ ശ്രീ.സി.ചന്ദ്രശേഖരൻ പിള്ള ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സ തേടിയതിന് ചെലവായ തുകയിൽ

കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം അനുവദിച്ചിട്ടുള്ള തുകയുടെ 80% ആയ 27,522/- രൂപ (ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്റി ഇരുപത്തി രണ്ടു രൂപാ മാത്രം), പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും, ടി തുക കൊല്ലം മുൻസിപ്പൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും, കേരള ഗവണ്മെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 ബാധകമാക്കിയ 1998 ലെ കേരള മുൻസിപ്പാലിറ്റീസ് (എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ്) റൂൾ പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എ സ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ